## പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

## മഹാത്മാഗാന്ധി ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1306 02-05-2017-ൽ മറുപടിക്ക്

ചോദ്യം മറുപടി

| ശ്രീ. റ്റി.വി.രാജേഷ് | | ഡോ. കെ.ടി. ജലീൽ (തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷ ക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | മഹാത്മാഗാന്ധി ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം കൂലിയിനത്തിൽ എത്ര രൂപയാണ് ഇതുവരെ കുടിശ്ശികയായിട്ടുള്ളത്; | (എ) | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ 2016-17 സാമ്പത്തിക വർഷത്തിൽ കൂലിയിനത്തിൽ 75943.17 ലക്ഷം രൂപയാണ് ഇതുവരെ കുടിശ്ശികയായിട്ടുള്ളത് |
| (ബി) | കൂലി നൽകുന്നതിന് കുടിശ്ശികയായതിനുള്ള കാരണം വിശദമാക്കാമോ; | (ബി) | 2016-17 സാമ്പത്തിക വർഷം 214614.07 ലക്ഷം രൂപയാണ് കൂലിയിനത്തിൽ കേന്ദ്രവിഹിതമായി ലഭ്യമാകേണ്ടിയിരുന്നത്. എന്നാൽ ഇതിൽ 138670.92 ലക്ഷം രൂപയാണ് കേന്ദ്രവിഹിതം ലഭിച്ചത്. ബാക്കി വിഹിതം ലഭിക്കുന്നതിനായി കേന്ദ്രസർക്കാരിലേക്ക് പ്രൊപ്പോസൽ നൽകിയിരുന്നെങ്കിലും 2017-18 സാമ്പത്തിക വർഷത്തിന്റെ ആദ്യഗഡുയിനത്തിലും 2016-17 ലെ കുടിശ്ശിക തീർക്കുന്നതിനുമായി ആകെ ലഭ്യമായത് 12283.79 ലക്ഷം രൂപ മാത്രമാണ്. |
| (സി) | കുടിശ്ശിക എന്നത്തേക്ക് പൂർണ്ണമായും കൊടുത്തു തീർക്കുന്നതിന് സാധിക്കും? വ്യക്തമാക്കുമോ? | (സി) | കേന്ദ്രസർക്കാരിൽ നിന്നും ഫണ്ട് ലഭിക്കുന്ന മുറയ്ക്ക് കുടിശ്ശിക പൂർണ്ണമായും കൊടുത്ത് തീർക്കുവാൻ കഴിയുന്നതാണ്. |

സെക്ഷൻ ഓഫീസർ